I/98440/2023

സാമൂഹികനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ചേതൻ കുമാർ മീണ ഐ.എ.എസ്.)

ഉത്തരവ് നം. SJD/4688/2021-E1

തിരുവനന്തപുരം,

തീയതി. 01-06-2023

---

വിഷയം: സാമൂഹികനീതി വകുപ്പ്- ജീവനക്കാര്യം - ശ്രീമതി.ബീന ജോർജ്ജ് സൂപ്രണ്ട് ഗ്രേഡ്-I-നെ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ചും; ശ്രീ.പ്രകാശ് കുമാർ.ആർ.കെ, സൂപ്രണ്ട് ഗ്രേഡ്-I നെ സ്ഥലംമാറ്റിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം : ശ്രീമതി.ബീന ജോർജ്ജ് സൂപ്രണ്ട് ഗ്രേഡ്-I ൽ നിന്നും ലഭ്യമായ 24/05/2023 ലെ അപേക്ഷ

കേരളസാമൂഹ്യ സുരക്ഷമിഷനിൽ ഡെപ്യുട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി.ബീന ജോർജ്ജ് ജീവനക്കാരിയുടെ അന്യത്ര സേവന കാലാവധി 31/05/2023 തീയതിയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ജീവനക്കാരിയുടെ അന്യത്രസേവന കാലാവധി 31/05/2023 തീയതിയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ 1/6/2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ ജീവനക്കാരിയെ പുലയനാർകോട്ട ഗവ.കെയർഹോമിലെ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചും, അതോടൊപ്പം തിരുവനന്തപുരം വി.റ്റി.സി. സൂപ്പർവൈസർ തസ്തികയിൽ ജോലിക്രമീകരണവ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്നതും പുലയനാർകോട്ട ഗവ.കെയർഹോമിലെ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ ലീൻ നിലനിന്നിരുന്നതുമായ ശ്രീ.പ്രകാശ് കുമാർ.ആർ.കെ-യെ കൊല്ലം ഗവ.വൃദ്ധസദനത്തിലേയ്ക്ക് സ്ഥലംമാറ്റിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. തിരുവനന്തപുരം വി.റ്റി.സി. DDO ചാർജ്ജ് തിരുവനന്തപുരം ഗവ.ആശാഭവൻ(സ്ത്രീകൾ) സൂപ്രണ്ട് ഗ്രേഡ്-I ശ്രീമതി.ഷൈനി.എൽ.കെക്കും സ്ഥാപനത്തിന്റെ ദൈനംദിന ചാർജ്ജും പൂർണ്ണ മേൽനോട്ട നിർവഹണവും ശ്രീമതി വിജി ജോർജ്ജ് വൃദ്ധസദനം സുപ്രണ്ട്,പൂജപ്പുരയും അധികമായി നിർവഹിയ്ക്കേണ്ടതാണ്.

ജീവനക്കാർ ജോലിയിൽ പ്രവേശിക്കുകയും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സ്ഥലംമാറ്റം നൽകിയ ജീവനക്കാരന് നിയമാനുസൃത യാത്രബത്തയ്ക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്

Signed by Chetan Kumar Meena
Date: 01-06-2023 12:14:05

ചേതൻ കുമാർ മീണ.IAS

സാമൂഹികനീതിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്,

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള,തിരുവനന്തപുരം.(ആമുഖകത്ത് സഹിതം)
2. ജില്ലാ സാമൂഹികനീതി ഓഫീസർ തിരുവനന്തപുരം/കൊല്ലം
3. സൂപ്രണ്ട് എഫ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
4. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്.
5. സ്റ്റോക്ക് ഫയൽ/സ്പെയർ.